ബൈന്റർ	-	1
ബൈന്റിംഗ് സൂപ്പർവൈസർ	-	2
ഓഫീസ് അസിസ്റ്റന്റ്	-	1
ഓഫീസ് അറ്റൻഡന്റ്	-	7
ക്ലറിക്കൽ അസിസ്റ്റന്റ്	-	1
ഡോബി	-	2
ഫുൾ ടൈം ഫോട്ടോകോപ്പിയർ കം കമ്പ്യൂട്ടർ കം ടെലിഫോൺ ക്ലീനർ	-	2
അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ	-	1

സൈനികക്ഷേമ വകുപ്പിൽ 2 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു എൽ.ഡി.ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയുമാണ് സൃഷ്ടിച്ചത്. മറ്റ് വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പുതുതായി തസ്തികകൾ സൃഷ്ടിച്ചതുവഴി സർക്കാരിനുണ്ടായ അധിക ബാധ്യത തിട്ടപ്പെടുത്തിയിട്ടില്ല.

പെൻഷൻ പ്രായം

13 (16) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും, അധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലെ പെൻഷൻപ്രായം എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്താൻ നിലവിൽ ഉദ്ദേശമില്ല.

(ബി) ഇനം തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly